(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ സർട്ടിഫിക്കറ്റുകൾ അടക്കമുള്ള പ്രധാന രേഖകൾ നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായി അവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ, ബി ആന്റ് സി) സുനാമി ദുരന്തത്തിൽ റേഷൻകാർഡുകൾ/സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് പകരമായി പ്രസ്തുത രേഖകൾ നൽകാൻ ഉത്തരവായിട്ടുണ്ട്. താലൂക്ക് സപ്ലൈ ഓഫീസർമാർ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് റേഷൻ കാർഡുകൾ നഷ്ടപ്പെട്ടവർക്ക് പുതിയ കാർഡുകൾ വിതരണം ചെയ്യേണ്ടതാണെന്നും സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട വിദ്യാർത്ഥികളെ വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥൻമാർ ക്യാമ്പുകളിൽ സന്ദർശിച്ച് അപേക്ഷകൾ സ്വീകരിച്ച് സാധാരണ നിബന്ധനകൾ ഒഴിവാക്കി ഒറിജിനൽ സർട്ടിഫിക്കറ്റിനെ സംബന്ധിച്ച വെരിഫിക്കേഷൻ മാത്രം നടത്തി പുതിയ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പാസ്പോർട്ട് നഷ്ടപ്പെട്ടവർക്ക് പകരം പാസ്പോർട്ട് നൽകേണ്ടത് ബന്ധപ്പെട്ട പാസ്പോർട്ട് ഉദ്യോഗസ്ഥരാണ്.

സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾ

*29 [29] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നാളിതുവരെ സർക്കാർ എത്ര രൂപ ചെലവഴിച്ചു;

(ബി) ദുരിതാശ്വാസ ക്യാമ്പുകളിൽ ഇപ്പോൾ എത്ര കുടുംബങ്ങൾ കഴിയുന്നുണ്ട്;

(സി) ദുരന്തത്തിനിരയായ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ നൽകി സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായോ;

(ഡി) ദുരന്തത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് ഉറപ്പുള്ള സ്ഥിരമായ വീടുകൾ വച്ച് നൽകുവാൻ എത്രനാൾ വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഇതുവരെ ചെലവായ തുകയെക്കുറിച്ച് കൃത്യമായ കണക്ക് ബന്ധപ്പെട്ട കളക്ടർമാരിൽനിന്നും ശേഖരിച്ചു വരുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ട തുക അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 27-1-2005-ലെ കണക്കു പ്രകാരം കൊല്ലം ജില്ലയിൽ 22 ക്യാമ്പുകളിലായി 16,609 പേരും, ആലപ്പുഴയിൽ 8 ക്യാമ്പുകളിലായി 8,632 പേരും താമസിക്കുന്നു.

(സി) പുസ്തകം, നോട്ടുബുക്ക്, യൂണിഫോം എന്നിവ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് ക്യാമ്പുകളിൽ വച്ചു തന്നെ അപേക്ഷ വാങ്ങി പുതിയ പുസ്തകം, നോട്ടുബുക്ക്, യൂണിഫോം എന്നിവ വിതരണം ചെയ്യാൻ ഉത്തരവ് ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്.

(ഡി) ഇപ്പോഴത്തെ തീരുമാനപ്രകാരം 2005 മേയ് പതിനഞ്ചോടുകൂടി സ്ഥിരമായ വീടുകൾ വച്ചു നൽകാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്.

സർക്കാരിതര സംഘടനകൾ സ്വരൂപിക്കുന്ന ദുരിതാശ്വാസ നിധിയുടെ കണക്ക്.

*30 [30] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാരിതര സംഘടനകൾ ദുരിതാശ്വാസനിധി രൂപീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിതര സംഘടനകൾ സ്വരൂപിക്കുന്ന ദുരിതാശ്വാസ നിധിയുടെ യഥാർഥ കണക്ക് ശേഖരിക്കുവാൻ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ സ്വരൂപിക്കുന്ന ദുരിതാശ്വാസനിധി യഥാർത്ഥ ദുരിതബാധിതർക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സർക്കാർ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഉണ്ട്.

(ബി ആന്റ് സി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പത്രമാദ്ധ്യമങ്ങൾ ഉൾപ്പെടെയുള്ളവർ പിരിച്ചെടുക്കുന്ന തുകകളെ സംബന്ധിച്ച് അവർ ശരിയായ കണക്കുകൾ സൂക്ഷിക്കുകയും സമാഹരിച്ച തുക എങ്ങനെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുകയും ചെയ്യേണ്ടതാണ് എന്ന അഭിപ്രായമാണ് സർക്കാരിനുള്ളത്. ദുരിതാശ്വാസം സംബന്ധിച്ച അനധികൃത പിരിവുകൾ ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly